LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപദ്ധതി

114 [271] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷം പൂർണ്ണമായും കേന്ദ്ര സഹായവും വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായവും അനുവദിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്ക് ഓരോന്നിനും എന്തു തുക വീതം അനുവദിച്ചിട്ടുണ്ട് എന്നും തരം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) അവയിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചുവെന്നും അവ ഏതൊക്കെ ഘട്ടത്തിലാണെന്നും നാളിതുവരെ ഓരോ പദ്ധതിക്കും എന്തു തുക വീതം ചെലവിട്ടുവെന്നും, ഓരോ പദ്ധതിയുടേയും അക്കൗണ്ടിൽ നിന്നും എന്തു തുക വീതം പി.ഡി. അക്കൗണ്ടിലേക്ക് മാറ്റി എന്നും ഓരോ ഉദ്യോഗസ്ഥന്റേയും പി.ഡി. അക്കൗണ്ടിൽ എത്ര രൂപ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കിയ പദ്ധതികൾ

115 [272] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ പദ്ധതിക്കും വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഭൗതിക ലക്ഷ്യങ്ങൾ, ഭൗതിക നേട്ടങ്ങൾ എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.